**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **23-07-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല റോപ് വേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി ഒ എസ് അംബിക | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ശബരിമല വികസനത്തിന്റെ ഭാഗമായ റോപ് വേ പദ്ധതിയുടെ നടത്തിപ്പിന് വനം വകുപ്പുമായി നിലനിന്നിരുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി വകുപ്പുമന്ത്രി നടത്തിയ ചർച്ചയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് 28/06/2021ന് വനം ദേവസ്വം വകുപ്പുകളുടെ സംയുക്ത യോഗം വകുപ്പ് മന്ത്രിമാർ വിളിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടേയും തിരുവിതാകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടെയും സംയുക്ത യേഗം വകുപ്പ് സെക്രട്ടറിമാരുടെ തലത്തിൽ നടത്തി ബഹു.ഹൈക്കോടതി മുമ്പാകെ സർക്കാർ തലത്തിൽ ഒരേ നിലപാട് കൈക്കൊള്ളുന്നതിനുള്ള അഭിപ്രായസമന്വയം ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് 09/07/2021ന് ചേർന്ന സെക്രട്ടറി തല യോഗത്തിൽ റോപ്പ് വേ സംബന്ധിച്ച അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും വിഷയം നിർമ്മാണകമ്പനിയോട് ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു. |
| (ബി) | റോപ് വേ പദ്ധതിയുടെ നടത്തിപ്പിനായി വനം വകുപ്പിന്റെ ക്ലിയറൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി പദ്ധതി ത്വരിതപ്പെടുത്തുന്നതിന് പ്രസ്തുത ചർച്ചയിൽ തീരുമാനമായിട്ടുണ്ടോ; | (ബി) | ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് 28/06/2021ന് വനം ദേവസ്വം വകുപ്പുകളുടെ സംയുക്ത യോഗം വകുപ്പ് മന്ത്രിമാർ വിളിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടേയും തിരുവിതാകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടെയും സംയുക്ത യേഗം വകുപ്പ് സെക്രട്ടറിമാരുടെ തലത്തിൽ നടത്തി ബഹു.ഹൈക്കോടതി മുമ്പാകെ സർക്കാർ തലത്തിൽ ഒരേ നിലപാട് കൈക്കൊള്ളുന്നതിനുള്ള അഭിപ്രായസമന്വയം ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് 09/07/2021ന് ചേർന്ന സെക്രട്ടറി തല യോഗത്തിൽ റോപ്പ് വേ സംബന്ധിച്ച അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | ത്വരിതപ്പെടുത്തുന്നതിനും വിഷയം നിർമ്മാണകമ്പനിയോട് ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു. |
| (സി) | പ്രസ്തുത പദ്ധതിയെ സംബന്ധിച്ച പരിസ്ഥിതി പഠന റിപ്പോർട്ട് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | റോപ് വേ പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള നിർമ്മാണക്കമ്പനി 2021 ഫെബ്രുവരി 8ന് വനം വകുപ്പിന് പരിസ്ഥിതി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് വനം വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഡി) | റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ, നടത്തിപ്പ് എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | എയിറ്റീൻത് സ്റ്റെപ് ദാമോദർവാലി കാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിലാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർമ്മാണ കരാർ നൽകിയിട്ടുള്ളത്. കരാർ പ്രകാരം റോപ് വേ നിർമ്മാണത്തിനും 15 വർഷത്തെ നടത്തിപ്പിനുമാണ് വ്യവസ്ഥയുള്ളത്. |

സെക്ഷൻ ഓഫീസർ